മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ.കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ക്രമപ്രശ്നം ഉന്നയിക്കുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ നാളെ ഉന്നയിക്കാം.

V മേശപ്പുറത്തു വച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 60, പതിമൂന്നാം സമ്മേളനത്തിലെ 41, 1833 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

II. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 165, 1897, 1905, 1923, 1927 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI റിപ്പോർട്ട് സമർപ്പണം
പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. കെ. മുരളീധരൻ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

മി. സ്പീക്കർ: 2014-ലെ ദി കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് എംപ്ലോയീസ് പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി റൂൾസിന് ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. എം. ഉമ്മർ എന്നിവർ നൽകിയ ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന അടുത്ത ദിവസത്തേയ്ക്ക് മാറ്റുന്നു.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly